## മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

## മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

മൃഗസംരക്ഷണവകുപ്പ്- ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീ.കാ. - ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 01/01/06 നിലവെച്ചുളള മുൻഗണനാ പട്ടിക അന്തിമമാക്കി പുറപ്പെടുവിക്കുന്ന ഉത്തരവ്.

---

നം.ജെ1.28181/15 തിയതി : 28/4/2016

---

പരാമർശം: 1) ഈ ഓഫീസിലെ 26/06/2001-ലെ ജി.സി.1-2858/94 നമ്പർ ഉത്തരവ്.

2) ഈ ഓഫീസിലെ 28/3/2016-ലെ ഇതേ നമ്പർ ഉത്തരവ്.

3) TA.2150/12-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26/2/16-ലെ വിധി ന്യായം

4) ഈ ഓഫീസിലെ 28/3/2016-ലെ ഇതേ നമ്പർ സർക്കുലർ.

5) 6/4/2016-ലെ ഇ-മെയിൽ സന്ദേശം

6) ഈ ഓഫീസിലെ 15/4/2016-ലെ ഇതേ നമ്പർ സർക്കുലർ.

### ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ മുൻഗണനാ പട്ടിക 01/01/98 നിലവച്ച് പരാമർശം (1)പ്രകാരം അന്തിമമാക്കിയിരുന്നു.

അതിനു ശേഷം 1/1/2006 നിലവച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടമാർക്ക് സീനിയോരിറ്റി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നിരവധി തവണ ശ്രമം നടന്നുവെങ്കിലും സീനിയോരിറ്റി സംബന്ധമായ കോടതി വ്യവഹാരങ്ങൾ തുടർന്നു പോയതിന്റെ അടിസ്ഥാനത്തിൽ ടി ലിസ്റ്റ് അന്തിമമാക്കി പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല.

പരാമർശം (3) പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ TA.2150/12 അനുവദിച്ച് ഉത്തരവാകുകയും TA.5895/12, OA No.1594/14 എന്നിവ തള്ളിക്കളയുകയും കോടതി വിധി കൈപ്പറ്റിയ തീയതിയ്ക്ക് മൂന്നു മാസത്തിനകം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കാൻ ഉത്തരവാകുകയും ചെയ്തു. 4/3/2016-നാണ് കോടതി വിധി കൈപ്പറ്റിയത്.

അതിൻ പ്രകാരം പരാമർശം (2) പ്രകാരം 1/1/2006 നിലവച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ താത്കാലിക മുൻഗണനാപ്പട്ടിക 28/3/2016-ൽ പ്രസിദ്ധീകരിച്ചു. www.ahdkerala.gov.in എന്ന വെബ്സൈറ്റ് മുഖേന ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. താത്കാലിക ലിസ്റ്റു പ്രസിദ്ധീകരിച്ച വിവരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പു മുഖേന കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനും നടപടി സ്വീകരിച്ചിരുന്നു. താല്കാലിക മുൻഗണനാ പട്ടിക അസാധാരണ സർക്കാർ ഗസറ്റായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചു.

പരാമർശം (4) സർക്കുലർ പ്രകാരം താല്കാലിക മുൻഗണനാ പട്ടിക പരിശോധിച്ച് കുറവുകൾ പരിഹരിച്ച് പട്ടിക കുറ്റമറ്റതാക്കാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. 6/4/2016 നകം ജീവനക്കാരുടെ പരാതികൾ സമാഹരിച്ച് രേഖകളും നിർദ്ദേശങ്ങളും സഹിതം സമർപ്പിക്കാനായിരുന്നു സർക്കുലറിലെ നിർദ്ദേശം.

6/4/2016-ലെ ഇ-മെയിൻ സന്ദേശ പ്രകാരം പരാതി സ്വീകരിക്കാനുളള അവസാന ദിവസം 12/4/16 വരെ ദീർഘിപ്പിച്ചു.

മുൻഗണനാപട്ടിക കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിലേയ്ക്കായി കേരളത്തിലെ എല്ലാ ജില്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, ബന്ധപ്പെട്ട സൂപ്പർവൈസറി ഓഫീസർ എന്നിവരെ ലഭിച്ച പരാതികളും അനുബന്ധ രേഖകളുമായി ഡയറക്ടറേറ്റിൽ വിളിച്ചു വരുത്തി അവരുടെ സാന്നിദ്ധ്യത്തിൽ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി മുൻഗണനാപട്ടികയിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തി.

ഇപ്രകാരം തിരുത്തലുകൾ വരുത്തിയ പട്ടികയാണ് നിലവിൽ പ്രസിദ്ധീകരിക്കുന്നത്. 1/1/1998-നു ശേഷം സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകാല പ്രാബല്യത്തിൽ കേഡർ സ്ട്രെംങ്ത് നിശ്ചയിച്ച് ആനുപാതിക ഉദ്യോഗക്കയറ്റം നൽകേണ്ടതുള്ളതിനാൽ നാളിതുവരെ പെൻഷനായവർ, മരണപ്പെട്ടവർ മുതലായവരുടെ പേരു വിവരങ്ങളും ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26/2/2016-ലെ TA.2150/12 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 1/1/2006 നിലവച്ചുള്ള താൽകാലിക മുൻഗണനാ പട്ടിക അന്തിമമാക്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു പരാമർശം (3) പ്രകാരം കോടതി വിധിയും ഇപ്രകാരം നടപ്പാക്കുന്നു

ഈ ഉത്തരവ് കേരള ഗസറ്റിലും വകുപ്പിലെ www.ahdkerala.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ ജില്ലാ ഓഫീസർമാരും ഈ ലിസ്റ്റ് ബന്ധപ്പെട്ട ജീവനകാർക്കിടയിൽ സർക്കുലേറ്റ് ചെയ്യപ്പെടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
ഡോ.എസ്.ചന്ദ്രൻകുട്ടി
മൃഗസംരക്ഷണ വകുപ്പു ഡയറക്ടർ (ഇൻ ചാർജ്ജ്)

എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും
(നിയന്ത്രണോദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:
എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും ഡയറക്ടറുടെ
നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലുള്ള നിയമന അധികാരികൾക്കും
ഐ.റ്റി.നോഡൽ ഓഫീസർ (വെബ്സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സി.എ.-സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I , അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് II
കെ സൂപ്ര്/ കെ4 സീറ്റ്/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്.

എം.എസ്28/4/16